മാധ്യമം

29 July 2023

# മത്സ്യമേഖലയിലെ സ്ത്രീശാക്തീകരണം കണ്ടറിഞ്ഞ് അമേരിക്കൻ വിദ്യാർഥികൾ

## ● ത്രിതല പഞ്ചായത്ത് ഭരണസംവിധാനം, ഗ്രാമവികസനം എന്നിവയും പഠനവിധേയമാക്കി



**കൊച്ചി:** സംസ്ഥാനത്തെ മത്സ്യമേഖലയിൽ സ്ത്രീകളുടെ നേതൃത്വത്തിൽ നടക്കുന്ന ചെറുകിട സംരംഭങ്ങളെ പ്രശംസിച്ച് അമേരിക്കൻ വിദ്യാർഥികൾ. സംസ്ഥാനത്തിന്റെ മത്സ്യമേഖലയെക്കുറിച്ച് മനസ്സിലാക്കാൻ എത്തിയ അമേരിക്കയിലെ മിഷിഗൺ സ്റ്റേറ്റ് യൂനിവേഴ്സിറ്റിയിൽ (എം.എസ്.യു) നിന്നുള്ള 10 വിദ്യാർഥികളും രണ്ട് അധ്യാപകരുമാണ് മത്സ്യമേഖലയിലെ സ്ത്രീശാക്തീകരണ മാതൃക അടുത്തറിഞ്ഞത്.

തീരമൈത്രി യൂനിറ്റുകൾ, സ്വയംസഹായ വനിത സംഘങ്ങൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ മത്സ്യകൃഷി, കൂടുകൃഷി, കല്ലുമ്മക്കായ കൃഷി, മൂല്യവർധിത ഉൽപാദനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന വനിത സംരംഭങ്ങൾ ഇവരെ ആകർഷിച്ചു. കൊച്ചിയിലെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനവും (സി.എം.എഫ്.ആർ.ഐ) മിഷിഗൺ സ്റ്റേറ്റ് യൂനിവേഴ്സിറ്റിയും തമ്മിലെ ധാരണയുടെ അടിസ്ഥാനത്തിലാണ് യു.എസ് വിദ്യാർഥികളുടെ പഠന-പരിശീലന യാത്ര.

ഇതിനായി 15 ദിവസം കേരളത്തിൽ ചെലവിട്ട ശേഷമാണ് സംഘം മടങ്ങിയത്. സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനുമായും വകുപ്പു മേധാവികളുമായും ആശയവിനിമയം നടത്തി.

അധ്യാപകരായ പ്രഫ. ലിൻഡ റാസിയോപി, പ്രഫ. സെജൂറ്റി ദാസ്ഗുപ്ത എന്നിവരുടെ നേതൃത്വത്തിൽ മിഷിഗൺ സർവകലാശാലയുടെ ജയിംസ് മാഡിസൺ കോളജിൽ കംപാരിറ്റിവ് കൾചർ ആൻഡ് പൊളിറ്റിക്സിലെ ബിരുദ വിദ്യാർഥികളാണ് കേരളം സന്ദർശിച്ചത്.



കേരളത്തിൽ സന്ദർശനത്തിനെത്തിയ അമേരിക്കയിലെ മിഷിഗൺ സ്റ്റേറ്റ് യൂനിവേഴ്സിറ്റിയിൽനിന്നുള്ള വിദ്യാർഥികളുടെ സംഘം തീരമൈത്രിക്ക് കീഴിലെ തീരമാവേലി സൂപ്പർമാർക്കറ്റിൽ

സി.എം.എഫ്.ആർ.ഐ-എം.എസ്.യു സഹകരണത്തിന്റെ ഭാഗമായി മൂന്നാം തവണയാണ് എം.എസ്.യു വിദ്യാർഥികൾ ഇവിടെ എത്തുന്നത്. ത്രിതല പഞ്ചായത്ത് ഭരണസംവിധാനം, ഗ്രാമവികസനം എന്നിവയും വിദ്യാർഥികൾ പഠനവിധേയമാക്കി. ഇതിനായി എളങ്കുന്നപ്പുഴ, കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകളുടെയും കൊച്ചി നഗരസഭയുടെയും പ്രവർത്തനങ്ങൾ മനസ്സിലാക്കി. നഗരസഭയുടെ കീഴിൽ സ്ത്രീകളുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന 'സമൃദ്ധി' ഭക്ഷണശാല അവരിൽ കൗതുകമുണർത്തി. സി.എം.എഫ്.ആർ.ഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ്. സലീമാണ് പഠന-പരിശീലന യാത്രക്ക് മേൽനോട്ടം വഹിച്ചത്.